# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 21.08.2026**

## പ്രധാനവാർത്തകൾ

1. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ബഹിരാകാശ സാങ്കേതികവിദ്യ കൂടുതൽ മേഖലകളിൽ പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. കൊച്ചി മെട്രോയുടെ പേര് മാറ്റം സംസ്ഥാന സർക്കാറിൻറെ പരിഗണനയിലില്ലെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.

3. ഇന്ത്യ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച 'മംഗ്രോൾ' അന്തർവാഹിനി വേധ യുദ്ധക്കപ്പൽ നാവികസേനയ്ക്ക് കൈമാറി കൊച്ചിൻ ഷിപ്പ്യാർഡ്.

4. പൊന്നോണത്തെ വരവേൽക്കാൻ ഒരുങ്ങി മലയാളനാട്. കൃഷി വകുപ്പിന്റെ 2,000 കർഷക ചന്തകൾക്ക് നാളെ തുടക്കമാവും.

5. ഓണക്കാലത്ത് വ്യാജമദ്യവും, ലഹരി വിൽപനയും തടയുന്നതിനായി ചെക്ക് പോസ്റ്റുകളിലടക്കം പരിശോധന കർശനമാക്കി എക്സൈസ് വകുപ്പ്. ഭക്ഷ്യസുരക്ഷ പരിശോധനയും സംസ്ഥാനത്ത് ശക്തമാക്കി.

6. കേരള ക്രിക്കറ്റ് ലീഗിൽ, ട്രിവാൻഡ്രം റോയൽസിനെതിരെ ആലപ്പി റിപ്പിൾസിന് 8 വിക്കറ്റ് ജയം.

******************************

RNUTVPM

## പ്രധാനമന്ത്രി - സി ഇ ഒ

ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ബഹിരാകാശ സാങ്കേതികവിദ്യ കൂടുതൽ മേഖലകളിൽ പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂ ഡൽഹിയിൽ ബഹിരാകാശ സ്റ്റാർട്ടപ്പ് സ്ഥാപകരുമായും സിഇഒമാരുമായും സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി . കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ ബഹിരാകാശ സാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ അദ്ദേഹം സ്റ്റാർട്ടപ്പുകളോട് നിർദ്ദേശിച്ചു. സ്കൈറൂട്ട് എയറോസ്പേസ്, അഗ്നികുൽ കോസ്മോസ്, പിക്സൽ, ധ്രുവ സ്പേസ് തുടങ്ങിയ ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ പ്രതിനിധികൾ പരിപാടിയിൽ പങ്കെടുത്തു.

RNU TVPM

******************************

## രൺധീർ ജയ്സ്വാൾ

ഇന്ത്യൻ നാവികരുടെ സുരക്ഷയ്ക്ക് രാജ്യം അതീവ പ്രാധാന്യം നൽകുന്നതായി കേന്ദ്രസർക്കാർ. പശ്ചിമേഷ്യയിലെ സംഭവവികാസങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നതായും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. വിദേശ പതാക വഹിച്ച രണ്ട് കപ്പലുകൾക്ക് നേരെയുണ്ടായ ആക്രമണത്തിൽ, കപ്പലിലെ 22 നാവികരും സുരക്ഷിതരാണെന്നും അദ്ദേഹം വ്യക്തമാക്കി.

******************************

## കൊച്ചി മെട്രോ- പേര് മാറ്റം

കൊച്ചി മെട്രോയുടെ പേര് മാറ്റം സർക്കാറിൻറെ പരിഗണനയിലില്ലെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ഇക്കാര്യം പത്രവാർത്ത കണ്ടാണ് അറിഞ്ഞതെന്നും

സർക്കാറുമായി ആലോചിക്കാതെ ഏകപക്ഷീയമായാണ് KMRL പത്രവാർത്ത നൽകിയതെന്നും അദ്ദേഹം പറവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. കൊച്ചി മെട്രോയുടെ പേര് കേരളം മെട്രോ എന്ന് മാറ്റാൻ സംസ്ഥാന സർക്കാരിന് ശുപാർശ നൽകിയെന്ന് കെ.എം.ആർ.എൽ അധികൃതർ ഇന്നലെ അറിയിച്ചിരുന്നു

******************************

## മംഗ്രോൾ - കൈമാറി (ഇൻട്രോ)

ഇന്ത്യ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്ന എട്ട് ആന്റി-സബ്മറീൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകളിൽ മൂന്നാമത്തേതായ 'മംഗ്രോൾ' ഇന്ത്യൻ നാവികസേനയ്ക്ക് കൈമാറി. കൊച്ചിൻ ഷിപ്പ്‌യാർഡിലാണ് ചടങ്ങ് നടന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ..**

(ഹോൾഡ്)

RNUTVPM

******************************

## ഓണം

പൊന്നോണത്തെ വരവേൽക്കാൻ ഒരുങ്ങി മലയാളനാട്. തിരുവോണത്തിന് ഇനി അഞ്ച് നാളുകൾ കൂടി മാത്രം. നാടെങ്ങും ഓണാഘോഷ പരിപാടികൾ ആവേശത്തോടെ തുടരുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ മുതൽ ഓണാവധി ആരംഭിക്കും.

******************************

## കർഷകച്ചന്ത

കൃഷി വകുപ്പ് ഒരുക്കുന്ന 2,000 കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ടി സിദ്ദിഖ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. കർഷകരിൽ നിന്നും പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. കർഷർക്ക് പൊതുവിപണിയേക്കാൾ 10 ശതമാനം അധികവില നൽകുന്നതിനൊപ്പം, ഉപഭോക്താക്കൾക്ക് വിപണിവിലയേക്കാൾ 30 ശതമാനം വരെ കുറഞ്ഞ തുകയ്ക്ക് പച്ചക്കറികൾ കർഷക ചന്തയിലൂടെ ലഭിക്കും.

******************************

## എക്സൈസ് - എം ലിജു

ഓണക്കാലത്ത് വ്യാജമദ്യം, ലഹരി വസ്തുക്കളുടെ വ്യാപനം എന്നിവ തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിലും റോഡുകളിലും വാഹന പരിശോധനയും ബോർഡർ പട്രോളിംഗും ശക്തമാക്കിയതായി എക്സൈസ് മന്ത്രി എം ലിജു. എക്സൈസ് വകുപ്പ് ഈ മാസം ഒന്നു മുതൽ നടത്തിവരുന്ന ഓണക്കാല പരിശോധനയിലൂടെ ഇതുവരെ 6,977 കേസുകൾ രജിസ്റ്റർ ചെയ്തതായും അദ്ദേഹം തിരുവനന്തപുരത്തു മാധ്യമങ്ങളോട് പറഞ്ഞു.

PNU TVPM

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

( ബ്രേക്ക്....)

******************************

## ഭക്ഷ്യസുരക്ഷ - കെ. മുരളീധരൻ

ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഓണക്കാലത്ത് ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂർ പരിശോധന നടത്തുമെന്ന് മന്ത്രി കെ. മുരളീധരൻ . വിവിധ ചെക്ക്പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനം വിന്യസിച്ചതായും അദ്ദേഹം തിരുവന്തപുരത്ത് പറഞ്ഞു . ഇതിനു പുറമേ, ഓൺലൈൻ വിപണന കേന്ദ്രങ്ങളുടെ ഗോഡൗണുകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കിയിട്ടുണ്ട്.

******************************

## തോവാള പൂ വിപണി (ഇൻട്രോ)

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പൂ മാർക്കറ്റുകളിൽ ഒന്നാണ് തമിഴ്നാട്ടിലെ തോവാള. ഓണക്കാലത്ത് തെക്കൻ കേരളത്തിലേക്ക് ഏറ്റവും കൂടുതൽ പൂക്കൾ എത്തുന്നത് കന്യാകുമാരി ജില്ലയിലെ തോവാളയിൽ നിന്നാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്........**

(വോയ്സ്)

******************************

## ഓണം വാരാഘോഷം -ട്രേഡ് ഫെയർ

ഓണം വാരാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന വ്യാപാരമേളയും പ്രദർശനവും മന്ത്രി പി സി വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്തു. നൂറിലധികം സ്റ്റാളുകളാണ് ഓഗസ്റ്റ് 30 വരെ നടക്കുന്ന മേളയിൽ ഇക്കുറി ഒരുക്കിയിരിക്കുന്നത്.

******************************

RNUTVPM

## നെഹ്രുട്രോഫി

72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നാളെ പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

******************************

## ലോക്ഭവൻ - ഗ്രന്ഥശാല

കേരള ലോക്ഭവനിൽ പ്രത്യേക ഗ്രന്ഥശാല ആരംഭിച്ചു. 'തുഞ്ചൻ സ്മൃതി' എന്ന് നാമകരണം ചെയ്തിരിക്കുന്നത് ഗ്രന്ഥശാലയിൽ പതിനായിരത്തിലധികം പുസ്തകങ്ങളാണുള്ളത്.

RNU TVPM

******************************

## അപകടം

ലോറിയിൽ നിന്നും ഇരുമ്പ് കമ്പികൾ തെറിച്ചുവീണ് തൃശൂർ കുട്ടനെല്ലൂരിൽ ബൈക്ക് യാത്രികന് ദാരുണാന്ത്യം. കുട്ടനെല്ലൂർ സ്വദേശി ഷെറിൻ പി ജോൺ ആണ് മരിച്ചത്. ലോറി പെട്ടെന്ന് ബ്രേക്ക് ഇട്ടതോടെ പുറത്തേക്ക് തെറിച്ച കമ്പികൾ ബൈക്ക് യാത്രികന്റെ ശരീരത്തിലേക്ക് പതിക്കുകയായിരുന്നു.

******************************

## ശബരിമല

ചിങ്ങമാസ പൂജ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10ന് അടയ്ക്കും. ഓണം പൂജയ്ക്കായി തിങ്കളാഴ്ച വൈകിട്ടാണ് നട തുറക്കുക. ഈ മാസം 28 വരെയാണ് ഓണം പൂജകൾ. ദർശനത്തിനായി എത്തുന്ന ഭക്തർക്ക് ഈ ദിവസങ്ങളിൽ ഓണസദ്യയും ഒരുക്കുന്നുണ്ട്.

******************************

## ഹരിതകർമ്മ സേന - ബോണസ്

ഹരിതകർമ്മ സേനാംഗങ്ങളുടെ ഓണം ബോണസ് 1,250 ൽ നിന്നും 1,500 രൂപയായി വർധിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഇഉത്തരവിറക്കി. 37,481 ഹരിതകർമ്മസേനാംഗങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കും

******************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിൽ അദാനി ട്രിവാൻഡ്രം റോയൽസിനെതിരെ ആലപ്പി റിപ്പിൾസിന് 8 വിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത ട്രിവാൻഡ്രം റോയൽസ് നിശ്ചിത 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 126 റൺസ് നേടി. ആലപ്പി റിപ്പിൾസ് 12.5 ഓവറിലാണ് ലക്ഷ്യം മറികടന്നത്.

******************************

## ഹോക്കി ലോകകപ്പ്

FIH ഹോക്കി ലോകകപ്പ് രണ്ടാം പൂൾ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്ന് ഇന്ത്യൻ വനിതാ ടീം നെതർലൻഡ്സിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 7.30-നാണ് മത്സരം.

******************************

## BWF ലോക ബാഡ്മിൻറൺ

ന്യൂഡൽഹിയിൽ നടക്കുന്ന BWF ബാഡ്മിൻറൺ , വനിതാ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സംഘ്യം ചൈനീസ് സഖ്യത്തെ പരാജയപ്പെടുത്തി സെമിഫൈനലിൽ പ്രവേശിച്ചു. പുരുഷ

RNU TVPM

വിഭാഗം ഡബിൾസിൽ സാത്വിക്സായിരാജ് റെങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യം, ചൈനീസ് സഖ്യത്തോട് പരാജയപ്പെട്ട് ടൂർണമെൻറിൽ നിന്ന് പുറത്തായി .

******************************

## മഴ

സംസ്ഥാനത്ത് മറ്റന്നാൾ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മറ്റന്നാൾ മുതൽ ഈ മാസം 25 വരെ കേരളം ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി

******************************

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 3 പോയിന്റ് ഉയർന്ന് 77,541 ലും നിഫ്റ്റി 20 പോയിന്റ് നേട്ടത്തിൽ 24,252 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വില ഉയർന്നു . രാവിലെ പവന് 880 രൂപ വർധിച്ച് ഒരു ലക്ഷത്തി 17,680 രൂപയായിരുന്നത് വൈകിട്ടോടെ വീണ്ടു 800 രൂപ ഉയർന്ന് ഒരു ലക്ഷത്തി 18,480 രൂപയും ഗ്രാമിന് 14,810 രൂപയുമായി..

RNU TVPM

*****************************************************************************************